**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1028** **29-08-2022 - ൽ മറുപടിയ്ക്ക്**

**നദികളിലെ എക്കലും ചെളിയും നീക്കം ചെയ്യൽ**

| ചോദ്യം | | ഉത്തരം | |
| --- | --- | --- | --- |
| ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. യു.എ.ലത്തീഫ്,<br>ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ നദികളിൽ അടിഞ്ഞു കൂടിയിരിക്കുന്ന എക്കലും ചെളിയും നീക്കം ചെയ്യുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ; വിശദീകരിക്കുമോ; | (എ) | പ്രളയാനന്തരം സംസ്ഥാനത്തെ നദികളിൽ അടിഞ്ഞുകൂടിയ എക്കലും മണലും മറ്റ് പാഴ് വസ്തുക്കളും നീക്കം ചെയ്ത് നദികളുടെ സ്വാഭവിക ഒഴുക്ക് പുനസ്ഥാപിക്കുക എന്ന ലക്ഷ്യത്തോടു കൂടി സംസ്ഥാനത്തെ 44 നദികളുടെ പുനരുജ്ജീവന പ്രവൃത്തികളുടെ ചുമതല വകുപ്പിന് കീഴിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻ മാരുടെ (ജില്ലാ കളക്ടർ) സഹകരണത്തോടു കൂടി ദേശീയ തൊഴിലുറപ്പ് പദ്ധതിയിലൂടെയും ജനകീയ പങ്കാളിത്തത്തോടു കൂടിയും, ജലസേചന വകുപ്പ് നേരിട്ടും പ്രസ്തുത പ്രവൃത്തി നടപ്പിലാക്കി വരുന്നു. ആകെ 3,01,65,570 $m^3$ എക്കലും ചെളിയും മറ്റ് പാഴ്‌വസ്തുക്കളും നീക്കം ചെയ്യാൻ കണക്കാക്കിയതിൽ നാളിതുവരെ (19-08-2022) 98,05,377.41$m^3$ നീക്കം ചെയ്തിട്ടുണ്ട്. 30 നദികളിൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | നദികളിലും ഡാമുകളിലും അടിഞ്ഞു കൂടിയിരിക്കുന്ന മണൽ നീക്കം ചെയ്യുന്നതിന് നിലവിൽ സംവിധാനമുണ്ടോ; വിശദീകരിക്കുമോ; | (ബി) | നദികളിൽ ഡീസിൽറ്റേഷന്റെ ഭാഗമായി നീക്കം ചെയ്യുന്ന മണ്ണും മണലും ലേല നടപടികളിലൂടെ നീക്കം ചെയ്യുന്നതിനായി 14 ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻമാരെ (ജില്ലാ കളക്ടർ) സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ലേലം e-auction വഴി ഏകീകൃതമായി നടപ്പിലാക്കുന്നതിനുവേണ്ടി MSTC (Metal Scrap Trade Corporation Limited) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും നടപടികൾ പുരോഗമിച്ചുവരുകയും ചെയ്യുന്നു.<br><br>. സർക്കാരിന്റെ വിവിധ ഉത്തരവുകളുടെയും ഉന്നതാധികാര സമിതിയുടെ യോഗതീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള വസ്തുക്കൾ നീക്കം |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങളും പ്രവൃത്തികളും പുരോഗമിച്ചു വരുന്നു.<br><br>നിലവിൽ മംഗലം ഡാമിലെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ 17-12-2020 ന് ആരംഭിക്കുകയും കരാറിൽ അംഗീകരിച്ചതിൻ പ്രകാരമുള്ള പ്രവർത്തന പുരോഗതി കൈവരിക്കാത്ത സാഹചര്യത്തിൽ 30-05-2022 ന് ചേർന്ന ഉന്നതാധികാര സമിതിയുടെ യോഗ നിർദ്ദേശ പ്രകാരം പ്രവൃത്തി നിർത്തി വെച്ചിരിക്കുകയുമാണ്. ചുള്ളിയാർ, വാളയാർ, മീങ്കര ഡാമുകളുടെ ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾക്ക് വേണ്ടി കരാർ അംഗീകരിച്ച് പ്രാഥമിക പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.<br><br>ഉന്നതാധികാര സമിതിയുടെ നിർദ്ദേശാനുസരണം മലമ്പുഴ, മലങ്കര, കാരാപ്പുഴ എന്നീ ഡാമുകളുടെയും , മണിയാർ, പഴശ്ശി എന്നീ ബാരേജുകളുടെയും ഡീസൽറ്റേഷനുവേണ്ടി Dredging Corporation of India Limited (DCIL) എന്ന കേന്ദ്ര സർക്കാർ സ്ഥാപനവുമായി വിശദമായ ചർച്ച നടത്തി വരുന്നു.<br><br>ഡാം ഡീസൽറ്റേഷൻ പ്രവൃത്തികൾ നടപ്പിലാക്കുന്നത് ടേൺ കീ വ്യവസ്ഥയിൽ കരാർ നൽകിയാണ്. അടിഞ്ഞ് കൂടിയിട്ടുള്ള വസ്തുക്കൾ കരാറുകാരൻ സ്വന്തം ചെലവിൽ മാറ്റുകയാണ് ചെയ്യുന്നത്. മംഗലം ഡാം ഡീസൽറ്റേഷൻ പ്രവർത്തിക്ക് വേണ്ടി 335.40 ലക്ഷം രൂപ കരാറുകാരൻ സർക്കാരിലേയ്ക്ക് നാളിതുവരെ നൽകിയിട്ടുണ്ട്. |
| (സി) | എങ്കിൽ അപ്രകാരം ശേഖരിക്കുന്ന മണൽ പൊതുജനങ്ങൾക്ക് വിൽക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിലൂടെ എത്ര തുക സമാഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ? | (സി) | നദികളിൽ ഡീസിൽറ്റേഷന്റെ ഭാഗമായി നീക്കം ചെയ്യുന്ന മണ്ണും മണലും ലേല നടപടികളിലൂടെ നീക്കം ചെയ്യുന്നതിനായി 14 ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻമാരെ (ജില്ലാ കളക്ടർ) സർക്കാർ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ലേലം e-auction വഴി ഏകീകൃതമായി നടപ്പിലാക്കുന്നതിനുവേണ്ടി MSTC (Metal Scrap Trade Corporation Limited) എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും നടപടികൾ പുരോഗമിച്ചുവരുകയും ചെയ്യുന്നു. |

| | | | | |
|---|---|---|---|---|
| | | | | . സർക്കാരിന്റെ വിവിധ ഉത്തരവുകളുടെയും ഉന്നതാധികാര സമിതിയുടെ യോഗതീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ ഡാമുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള വസ്തുക്കൾ നീക്കം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങളും പ്രവൃത്തികളും പുരോഗമിച്ചു വരുന്നു.<br><br>നിലവിൽ മംഗലം ഡാമിലെ ഡീസിൽറ്റേഷൻ പ്രവൃത്തികൾ 17-12-2020 ന് ആരംഭിക്കുകയും കരാറിൽ അംഗീകരിച്ചതിൻ പ്രകാരമുള്ള പ്രവർത്തന പുരോഗതി കൈവരിക്കാത്ത സാഹചര്യത്തിൽ 30-05-2022 ന് ചേർന്ന ഉന്നതാധികാര സമിതിയുടെ യോഗ നിർദ്ദേശ പ്രകാരം പ്രവൃത്തി നിർത്തി വെച്ചിരിക്കുകയുമാണ്. ചുള്ളിയാർ, വാളയാർ, മീങ്കര ഡാമുകളുടെ ഡീസിൽറ്റേഷൻ പ്രവർത്തനങ്ങൾക്ക് വേണ്ടി കരാർ അംഗീകരിച്ച് പ്രാഥമിക പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.<br><br>ഉന്നതാധികാര സമിതിയുടെ നിർദ്ദേശാനുസരണം മലമ്പുഴ, മലങ്കര, കാരാപ്പുഴ എന്നീ ഡാമുകളുടെയും , മണിയാർ, പഴശ്ശി എന്നീ ബാരേജുകളുടെയും ഡീസൽറ്റേഷനുവേണ്ടി Dredging Corporation of India Limited (DCIL) എന്ന കേന്ദ്ര സർക്കാർ സ്ഥാപനവുമായി വിശദമായ ചർച്ച നടത്തി വരുന്നു.<br><br>ഡാം ഡീസൽറ്റേഷൻ പ്രവൃത്തികൾ നടപ്പിലാക്കുന്നത് ടേൺ കീ വ്യവസ്ഥയിൽ കരാർ നൽകിയാണ്. അടിഞ്ഞ് കൂടിയിട്ടുള്ള വസ്തുക്കൾ കരാറുകാരൻ സ്വന്തം ചെലവിൽ മാറ്റുകയാണ് ചെയ്യുന്നത്. മംഗലം ഡാം ഡീസൽറ്റേഷൻ പ്രവർത്തിക്ക് വേണ്ടി 335.40 ലക്ഷം രൂപ കരാറുകാരൻ സർക്കാരിലേയ്ക്ക് നാളിതുവരെ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ